# ജി.എൽ.പി.എസ്.
# പ്ലാങ്കമൺ

## സ്കൂൾ തല
## അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**

## ആമുഖം

നവകേരള മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയായ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങൾ കെട്ടിലും മട്ടിലും ഗുണമേന്മയിലും അടിമുടി മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആവിഷ്കരിച്ചത്. അതിൻറെ ഫലമായി ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിൽ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാൻ ഒരു പരിധിവരെ സാധിച്ചു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ വിദ്യാഭ്യാസ നിലവാരവും പഠനനിലവാരവും ഉയർത്തുന്നതിന് ലക്ഷ്യമാക്കുന്നു. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് സമഗ്രമായ ഒരു പദ്ധതി രേഖ അനിവാര്യമാണ് . ഇതിൻറെ ഭാഗമായി ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ 4 വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും പഠന നിലവാരവും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളുംകഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
2. കുട്ടിയുടെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.
3. പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക ,മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
4. കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക.
5. മാലിന്യനിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
6. പുതുതലമുറയെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് ഒഴിവാക്കാൻ ആവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

1

7. പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്ത -ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
8. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കു
9. പരിസ്ഥിതി സംരക്ഷണബോധമുള്ള തലമുറയെ വളർത്തിയെടുക്കുക.
10. നൈപുണി വികസന പരിപാടികൾ സംഘടിപ്പിക്കുക.
11. അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുക.
12. കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# PROFILE

Name of School : GLPS PLANKAMON
Village/Ward : Ayiroor,Ward VI
Name of CRC : Ayiroor
Name of Panchayath: Ayiroor
Name of Block : Koipuram
Name of BRC : Vennikulam
Name of Taluk : Ranni
Name of Subdistrict: Vennikulam
Name of Ednl. District : Thiruvalla
Name of District : Pathanamthitta
Name of H.M. with }:Bindu P.
Phone No. }: 9947876492

# ആമുഖം

പത്തനംതിട്ട ജില്ലയിൽ തിരുവല്ല വിദ്യാഭ്യാസ ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിൽ പ്ലാങ്കമൺ എന്ന സ്ഥലത്ത് 78 വർഷക്കാലമായി കുരുന്നുകൾക്ക് അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകി വിശാലമായ ലോകത്തേക്ക് കൈപിടിച്ചുയർത്തി കൊണ്ടിരിക്കുന്ന നാടിന്റെ അഭിമാന സ്ഥാപനമായി ഗവ.എൽ.പി.സ്കൂൾ പ്ലാങ്കമൺ നിലകൊള്ളുന്നു.ഇത് ഒരു സർക്കാർ എൽ.പി. സ്കൂളാണ്.വിദ്യാലയത്തിന്റെ ആദ്യകാലങ്ങളിൽ പ്ലാങ്കമണ്ണിലുള്ള NSSകരയോഗ മന്ദിരത്തിൽ ആയിരുന്നു പ്രവർത്തിച്ചിരുന്നത്.പിന്നീട് കരയോഗത്തിൽ ഒരാൾ 50 സെൻറ് സ്ഥലം ഗവൺമെന്റിലേക്ക് എഴുതി കൊടുത്തു. അങ്ങനെ അവിടെ താൽക്കാലിക കെട്ടിടം പണിത് സ്കൂൾ അവിടെ പ്രവർത്തനം ആരംഭിച്ചു.1950 കളിൽ സ്കൂളിന് സ്ഥിരമായ ഒരു കെട്ടിടം ഉണ്ടാക്കുകയും തുടർന്നുള്ള പ്രവർത്തനം അന്നുമുതൽ ആ കെട്ടിടത്തിൽ തുടർന്നു വരികയും ചെയ്തു.

2023 ഏപ്രിൽ മാസത്തിൽ 75 -ാം വാർഷികാഘോഷ പരിപാടിയും പൂർവ്വ വിദ്യാർത്ഥി സംഗമവും നടത്തുന്ന വേളയിൽ സ്കൂളിന്റെ നിരന്തരമായ ആവശ്യപ്രകാരം പുതിയ സ്കൂൾ കെട്ടിടത്തിനുള്ള എം.എൽ.എ.ഫണ്ട് അനുവദിച്ച് പ്രഖ്യാപനം ഉണ്ടായി.തുടർന്ന് 2024 ഓഗസ്റ്റ് മാസത്തിൽ കാലപ്പഴക്കം ചെന്ന സ്കൂൾ കെട്ടിടം പൊളിച്ചു മാറ്റുകയും പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കവും കുറിച്ചു.2024 ആഗസ്റ്റ് മാസം മുതൽ അയിരൂർ കാർമേൽ മന്ദിരത്തിന്റെ പഴയ ബിൽഡിംഗിന്റെ മൂന്നാം നിലയിൽ കുട്ടികൾക്കു വേണ്ട എല്ലാ സുരക്ഷയും PTA/SMC യുടെ സഹായത്തോടെ ഒരുക്കിക്കൊണ്ട് സ്കൂൾ വീണ്ടും താൽക്കാലിക വാടക കെട്ടിടത്തിലേക്ക് മാറി പ്രവർത്തിച്ചു വരുന്നു.പുതിയ സ്കൂൾ കെട്ടിടത്തിന്റെ പണികൾ നടന്നുവരുന്നു.ഈ അധ്യയനവർഷം തന്നെപണികൾ പൂർത്തിയാക്കുമെന്ന് കരുതുന്നു.ഇന്നും വിദ്യാലയം അതിൻറെ ലക്ഷ്യങ്ങളിൽ പ്രവർത്തിച്ച് മുന്നേറിക്കൊണ്ട് നാടിന്റെ അഭിമാനമായി മാറിക്കൊണ്ടിരിക്കുന്നു.

ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കിക്കൊണ്ടു തന്നെയാണ് വാടക കെട്ടിടത്തിലും സ്കൂൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.പഞ്ചായത്തിന്റെ അധികാരപദ്ധതിയിൽ വരുന്ന സ്ഥാപനമായതിനാൽ അവിടെ നിന്നുള്ള സഹായങ്ങൾ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ലഭിച്ചുവരുന്നു.

എല്ലാവർഷവും കുട്ടികളെ വിവിധ മേളകളിൽ പങ്കെടുപ്പിച്ചുവരുകയും സമ്മാനങ്ങൾ നേടുകയും ചെയ്യുന്നു.ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ എന്നിവയും ഓണം,ക്രിസ്തുമസ് തുടങ്ങി വിവിധ ആഘോഷ പരിപാടികളും എസ് എം സി യുടെ നേതൃത്വത്തിൽ മികച്ച രീതിയിൽ നടന്നുവരുന്നു.അധ്യാപകരുടെ നേതൃത്വത്തിൽ മികച്ച രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ ഓരോ ക്ലാസിലും നൽകിവരുന്നു.ഓരോ കുട്ടിക്കും വ്യക്തിഗതമായ ശ്രദ്ധ പഠന-പാഠ്യേതര വിഷയങ്ങളിൽ നൽകിവരുന്നുണ്ട്.കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനമായ സർഗ്ഗ വേള (ബാലസഭ) എല്ലാ വെള്ളിയാഴ്ചകളിലും നടന്നുവരുന്നു.കുട്ടികളുടെ മികച്ച രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഓരോ ക്ലാസിലെയും കൈയെഴുത്തു മാഗസിനുകൾ എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നു.മികച്ച ലൈബ്രറിയും അത് പ്രയോജനപ്പെടുത്തിയുള്ളവായന പ്രവർത്തനങ്ങളും നടത്തുന്നു.ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണനയും എല്ലാ കുട്ടികൾക്കും മികച്ച ഒരു പഠനാന്തരീക്ഷവും സ്കൂളിൽ ലഭ്യമാക്കുന്നുണ്ട്.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് **ഇല്ലെന്നത്.** കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല .<br>**.സ്കൂൾ കെട്ടിടം പണി പൂർത്തിയാകാത്തത്** |

## 2025-26 അധ്യയന വർഷത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | പ്രീ-പ്രൈമറി | | I | | II | | III | | IV | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G | B | G |
| | 6 | 5 | 5 | 2 | 7 | 5 | 6 | 5 | 5 | 4 | 29 | 21 |
| ആകെ | 11 | | 7 | | 12 | | 11 | | 9 | | 50 | |

## അദ്ധ്യാപകർ, അനദ്ധ്യാപകർ

എൽ.പി. -: 4 അധ്യാപകർ
പ്രീ-പ്രൈമറി -: 1- അധ്യാപിക, 1- ആയ
പി.ടി.സി.എം -: 1
Cook -: 1

# മലയാളം

മേഖല : അക്കാദമികം　　　　　　　　　　ഉപമേഖല : മലയാളഭാഷ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | ചെലവ് | സ്രോതസ് |
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ് - 3/6/18<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷരകാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്ക് നിർമ്മിക്കൽ<br>• ചിത്രം- അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥയെഴുതൽ<br>• കഥ- പൂരിപ്പിക്കൽ<br>• കഥാപുസ്തകം നൽകൽ<br>• ഡയറികുറിപ്പ് മത്സരം<br>• അക്ഷരകേളി, പദകേളി, അക്ഷരചക്രം, വായ്ത്താരികൾ..... | ജൂൺ- ഡിസംബർ | • ക്ലാസ്സദ്ധ്യാപകർ | 1000 | |
| 2. | വായന വളർത്തൽ | • വായനാനുഭവം പങ്കുവയ്ക്കൽ<br>• ക്ലാസ്സ് ലൈബ്രറി<br>• ക്വിസ്<br>• പുസ്തക ശേഖരണം<br>• പുസ്തക വിവരണം<br>• ജന്മദിന പുസ്തകം<br>• പത്രവായന - ഒരു ക്ലാസ്സിൽ - ഒരു പത്രം<br>• പത്രക്വിസ് - ആഴ്ചയിൽ<br>• വായനാവാരം<br>• പുസ്തകചർച്ച<br>• കൈയ്യെഴുത്ത് മാസിക, പത്രം<br>• കവിയരങ്ങ് | ജൂൺ - മാർച്ച് | • ക്ലാസ്സ് ടീച്ചർ ഓരോ പ്രവർത്തനങ്ങൾക്കും മിടുക്കരായ രണ്ട് കുട്ടികൾക്ക് വീതം ചാർജ്ജ്<br>• അദ്ധ്യാപകർ | 1000/- | |
| 3. | പാർശ്വവൽക്കരി | • ബോധവൽക്കരണം | ജൂൺ - | • അദ്ധ്യാപകർ | | |

| | | | | | | |
|---|---|---|---|---|---|---|
| | ക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ | • വ്യക്തിത്വ വികസന ശില്പശാല<br>• ഗ്രൂപ്പ് നേതൃത്വം ഏൽപ്പിക്കൽ<br>• ശ്രദ്ധ, കൗൺസലിംഗ്<br>• കമ്പ്യൂട്ടർ അധിഷ്ഠിത പഠനം | ഡിസംബർ | • സഹപ്രവർത്തകരുടെ സഹായം | 300/- | |
| 4. | സാഹിത്യകാരൻമാരെ അടുത്തറിയൽ | • ദിനാചരണങ്ങൾ<br>• പതിപ്പ്<br>• ക്വിസ് മത്സരം<br>• അതാത് എഴുത്തുകാരുടെ പുസ്തകങ്ങൾ കൊടുത്ത് വായന<br>• ഐ.സി.ടി സാധ്യതകൾ | ജൂൺ - മാർച്ച് | . അദ്ധ്യാപകർ | 500/- | |
| 5. | നേതൃത്വപാടവ വികസനവും ഭാഷാശേഷി വികസനവും | • ഓരോ വിഷയം നൽകി ക്ലാസ്സിൽ പ്രസംഗം നടത്തൽ (ഓരോ കുട്ടികൾ മാറി മാറി)<br>• അസംബ്ലിയിൽ പ്രസംഗം<br>• പുസ്തകാസ്വാദനം (ആഴ്ചയിൽ ഒന്ന്)<br>• സംഭാഷണരചന, യാത്രാവിവരണം, ആസ്വാദനക്കുറിപ്പ്, ചോദ്യാവലി തയ്യാറാക്കൽ, ക്ഷണക്കത്ത് തയ്യാറാക്കൽ | ആഗസ്റ്റ് | . അദ്ധ്യാപകർ | 500/- | |
| 6. | വ്യാകരണം ഉറപ്പിക്കൽ | • വിഷയബന്ധിതമായി കുറിപ്പ് തയ്യാറാക്കൽ<br>• ഡയറി എഴുതൽ<br>• വാക്യമാതൃകകൾ പരിചയപ്പെടുത്തൽ<br>• വാക്യ നിർമ്മാണം<br>• പദനിർമ്മാണം | ജൂൺ - മാർച്ച് | .അദ്ധ്യാപകർ | 500/- | |
| 7. | കൈയ്യക്ഷരം നന്നാക്കൽ | • കോപ്പി എഴുതൽ<br>• പകർത്തെഴുത്ത് | ജൂൺ - ഡിസംബർ | . അദ്ധ്യാപകർ<br>• പി.ടി.എ | 500/- | |
| 8. | സർഗ്ഗാത്മകത വികസിപ്പിക്കൽ | കഥാരചന<br>• കവിതാപൂരണം<br>• സർഗ്ഗവേള<br>• പാവകളി<br>• റോൾ പ്ലേ<br>• ചിത്ര രചന | ജൂൺ - മാർച്ച് | . അദ്ധ്യാപകർ<br>• പി.ടി.എ | 500/- | |

# ഇംഗ്ലീഷ്

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | ചെലവ് | സ്രോതസ് |
| 1. | ഇംഗ്ലീഷ് അക്ഷരത്തെറ്റ് കുറയ്ക്കുന്നതിനും, ഇംഗ്ലീഷ് എഴുത്ത് മെച്ചപ്പെടുത്തുന്നതിനും | • Spelling Competition<br>• ക്ലാസ്സുകൾ തിരിച്ച് കേട്ടെഴുത്ത് മത്സരം<br>• ഡയറി എഴുത്ത്, ലൈബ്രറി നോട്ട് തയ്യാറാക്കൽ | മാസത്തിലൊരിക്കൽ | • അധ്യാപകർ | 2000/- | സംഭാവന/ പി.ടി.എ |
| 2. | Word power വർദ്ധിപ്പിക്കൽ, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കൽ | • Word Games/Puzzles<br>• കുട്ടിക്കവിതകളുടെ ശേഖരണം, അവതരണം | ടേമിലൊരിക്കൽ | • അധ്യാപകർ | | |
| 3. | ഭാഷാനൈപുണ്യം ഉണ്ടാക്കൽ, ആത്മവിശ്വാസം വർദ്ധിപ്പിക്കൽ | • English Assembly<br>• Message, speech<br>• Role play<br>• One act play<br>• Description<br>• Skit , Action songs | മാസത്തിൽ രണ്ട് പ്രാവശ്യം ജൂൺ – മാർച്ച് | • ക്ലാസ്സ് ടീച്ചേഴ്സ് | | |
| 4. | ഈണം, താളം, ഉച്ചാരണ ശുദ്ധി എന്നിവയോടെ വായിക്കാൻ കഴിയുക | • Recitation competition<br>• Story presentation<br>• Reader's theatre<br>• News paper reading<br>• ICT- Video presentation- Animation, Conversation, Rhymes, Stories, News, Speech, Movies | മാസത്തിലൊരിക്കൽ | • അധ്യാപകർ | | |
| 5. | വായനാശീലം വളർത്തൽ | • Class Library<br>• സമ്മാനപുസ്തകങ്ങൾ<br>• English News paper reading<br>• Picture cards, Reading cards... | ആഴ്ചയിലൊരിക്കൽ | • അധ്യാപകർ | | |
| 6. | സർഗ്ഗാത്മകശേഷി വളർത്തുക, ഉച്ചാരണശുദ്ധി കൈവരിക്കൽ | • Creative writing<br>• Skit<br>• Role Play<br>• Language Lab | ജൂൺ –മാർച്ച് | • അധ്യാപകർ | | |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും എതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

13

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ്ങ് കാർഡ് നിർമ്മിക്കൽ | ജൂൺ -മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ - മാർച്ച് | എസ്. ആർ.ജി. | 1000/- |
| മുഴുവൻ കുട്ടികളെയും തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുക | ക്ലാസ്സടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഗ്രാമർ പഠനം | ജൂൺ - മാർച്ച് | എസ്.ആർ. ജി. | 3000/- |

മേഖല: അക്കാദമികം ഗണിതം

പ്രവർത്തനം : 1
പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | SRG | |

പ്രവർത്തനം : 2
പേര് : ഗണിതലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ - മാർച്ച് | SRG | |

പ്രവർത്തനം : 3
പേര് : ഗണിതമൂല
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 4**
**പേര് : യൂണിറ്റ് വിലയിരുത്തൽ**
**ഉപമേഖല : യൂണിറ്റ് ടെസ്റ്റ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 5**
**പേര് : ഗണിതക്ലാസ് പി.ടി.എ.**
**ഉപമേഖല : സി.പി.ടി. എ ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 6**
**പേര് : ഗണിതം മധുരം**
**ഉപമേഖല : ഗണിത കേളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്ലാസ്സ് അടിസ്ഥാനത്തിലും ഗ്രൂപ്പടിസ്ഥാനത്തിലും പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾകിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : പരീക്ഷണകിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : പരീക്ഷണോത്സവം
ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും ജനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് റൂമുകളിൽ ശാസ്ത്രപരീക്ഷണങ്ങൾ കാണിച്ച് അവതരമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ<br>ശാസ്ത്ര ക്ലബ്ബ് | 500/- |

# വിവര സാങ്കേതിക വിദ്യ

| | | | | |
|---|---|---|---|---|
| **പ്രവർത്തനം : 1**<br>**പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം**<br>**ഉപമേഖല : അധ്യാപക ശാക്തീകരണം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ജൂൺ - മാർച്ച് | ക്ലാസ്സ് അദ്ധ്യാപകർ | |
| | | | | |
| **പ്രവർത്തനം : 2**<br>**പേര് : I T ലാബ്**<br>**ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം** | | | | |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ PSITC | |

## പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.നിർമ്മാണം:ചന്ദനത്തിരി, പാവ, ഒറിഗാമി etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 500/- |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SRG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂൺ - ഡിസംബർ | SRG | 1000/- |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ.<br>നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT<br>SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG<br>PTA | 1500/- |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG<br>CT | |

# ആരോഗ്യ – കായിക –വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സുംബാ ഡാൻസ് എല്ല ദിവസവും Small physical Excercises | ജൂൺ - മാർച്ച് | SRG | |

പ്രവർത്തനം : 2
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആര്യോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. | എല്ലാ കുട്ടികൾക്കും ആര്യോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | SRG PTA | - |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല
ഉപമേഖല : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| - ആര്യോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

മേഖല : അക്കാദമികം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | ചെലവ് | സ്രോതസ് |
| 1. | വ്യായാമം, യോഗ എന്നിവയിലൂടെ മാനസികവും ശാരീരികവുമായ ആരോഗ്യക്ഷമത വികസിപ്പിക്കൽ | • വ്യായാമമുറകൾ പരിശീലനം<br>• ദിനചര്യാ പരിശീലനം<br>• യോഗാസനങ്ങളുടെ പരിശീലനം<br>.സുംബാ ഡാൻസ് | ജൂൺ- - മാർച്ച് | • കായികാധ്യാപകൻ<br>.യോഗാദ്ധ്യാപിക | | LSGD |
| 2. | അടിസ്ഥാന കായിക നൈപുണികളിൽ ശേഷി കൈവരിക്കുക | • കിഡ്സ് അത്‌ലറ്റിക്സ് - മേജർ ഗെയിംസ് സംഘടിപ്പിക്കൽ | ഫെബ്രുവരി | • കായികാധ്യാപകർ | 1000/- | പി.ടി.എ |
| 3. | കായികക്ഷമതാ വിലയിരുത്തൽ | • കായികക്ഷമതാ പരിശോധന ആരോഗ്യ പരിശോധന | ഒക്ടോബർ | • കായികാധ്യാപകർ | 500/- | പി.ടി.എ |
| 4. | കായിക സുരക്ഷാ ഉപകരണങ്ങൾ, പ്രഥമശുശ്രൂഷ എന്നിവയെക്കുറിച്ച് ധാരണ വളർത്തൽ | • പ്രഥമശുശ്രൂഷാ രീതികൾ പരിചയപ്പെടൽ<br>• കായിക സുരക്ഷാഉപകരണങ്ങൾ പരിചയപ്പെടൽ<br>• ഐ.സി.ടി സഹായത്തോടെ ചിത്രം, വീഡിയോ നിരീക്ഷിക്കൽ (ഉപകരണങ്ങളുടെ ഉപയോഗം) | ഒക്ടോബർ | • കായികാധ്യാപകർ<br>SRG | | |
| 5. | സ്വന്തം ആരോഗ്യത്തോടൊപ്പം സാമൂഹികാരോഗ്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിയൽ | • ക്ലാസ്സ്- സാമൂഹികാരോഗ്യ അവബോധമുളവാക്കുന്ന കളികൾ പരിശീലിക്കുക | നവംബർ- ഡിസംബർ | • കായികാധ്യാപകർ<br>SRG | | |
| 6. | കര, ജലം, വായു, മഞ്ഞ് തുടങ്ങിയ മേഖലകളിൽ നടത്തുന്ന വിവിധ കായിക വിനോദങ്ങളെക്കുറിച്ച് അറിവ് നേടൽ | • ചിത്രവായന<br>• വർക്ക്ഷീറ്റ് പൂർത്തിയാക്കൽ<br>• ഐ.സി.ടി സഹായത്തോടെ വിവിധ മേഖലകളിലെ കായിക വിനോദചിത്രങ്ങൾ നിരീക്ഷിക്കുന്നു. അവയുടെ പ്രതലം അടയാളപ്പെടുത്തുന്നു | ജനുവരി | • കായികാധ്യാപകർ<br>SRG | | |

## പ്രീ പ്രൈമറി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | നിർവ്വഹണ ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | ചെലവ് | സ്രോതസ് |
| 1. | ആശയവിനിമയം, സർഗാത്മകത, ഭാവന വളരൽ, പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | • കഥപറയൽ- ചിത്രങ്ങൾ, മുഖംമൂടി, മണൽത്തടം, ബിഗ് ക്യാൻവാസ് എന്നിവ ഉപയോഗിക്കുന്നു.<br>• പാട്ടുകൾ- അഭിനയഗാനങ്ങൾ, സംഭാഷണം | ജൂൺ - മാർച്ച് | • അധ്യാപകർ<br>• പിടിഎ | 500/- | പിടിഎ |
| 2. | ഭാഷാവികാസം, അക്ഷരങ്ങളെ പരിചയപ്പെടൽ | • അക്ഷരപ്പാട്ടുകൾ- ചാർട്ടുകൾ ഐ.സിടി - വീഡിയോ പ്രദർശനം- കഥ, കവിതകൾ, മാധ്യമങ്ങളെ പരിചയപ്പെടുത്തൽ, സിനിമാപ്പാട്ട്, താരാട്ടുപാട്ട്, ആഴ്ചപ്പാട്ട് | ജൂൺ -ഒക്ടോബർ | • അധ്യാപകർ | 500/- | പിടിഎ |
| 3. | പേശീവികാസം, ശാരീരികചാലക വികാസം, സർഗാത്മകത, വൈജ്ഞാനിക വികാസം | • ചിത്രംവര, നിറംകൊടുക്കൽ, കീറിയെടുത്ത് ഒട്ടിക്കൽ, അഭിനയഗാനങ്ങൾ, പൂക്കൾ തിരിച്ചറിയൽ കളി, മേനി പറച്ചിൽ കളി, പന്ത് കളി, അത്തപ്പൂക്കളമിടൽ, ശബ്ദം തിരിച്ചറിയാനുള്ള കളികൾ, തൊഴിലുപകരണങ്ങൾ പരിചയപ്പെടുത്തൽ, നിർമ്മാണ പ്രവൃത്തികൾ, തവളച്ചാട്ടം, കസേരകളി, മിഠായി പെറുക്കൽ, നക്ഷത്രം - ക്രിസ്തുമസ് ട്രീ നിർമ്മാണം, വാദ്യോപകരണങ്ങൾ പരിചയപ്പെടുത്തൽ, ലഘുവാദ്യോപകരണ നിർമ്മാണം, വാഹനങ്ങളുമായി ബന്ധപ്പെട്ട അഭിനയഗാനം, തോണിപ്പാട്ട്, പാർക്കിംഗ് കളി | ജൂൺ - മാർച്ച് | • അധ്യാപകർ | 2000/- | പിടിഎ |
| 4. | അക്കങ്ങളെ പരിചയപ്പെടുത്തൽ | • സംഖ്യാഗാനം, ചാർട്ടുകൾ, പസിൽസ് | ജൂൺ - മാർച്ച് | • അധ്യാപകർ | 500/- | പിടിഎ |
| 5. | ദിനാചരണങ്ങൾ | • വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ, ചിത്രങ്ങൾ, ചിത്ര രചന | ആഗസ്റ്റ് - മാർച്ച് | • അധ്യാപകർ | 500/- | പിടിഎ |

# ഭൗതികം

* സ്കൂൾ കെട്ടിട നിർമ്മാണ പൂർത്തീകരണം

- ഭൗതിക സൗഹചര്യം മെച്ചപ്പെടുത്തുന്നതുവഴി രക്ഷിതാക്കളേയും, കുട്ടികളേയും സ്കൂളിലേക്ക് ആകർഷിക്കുന്നതിന്
- ലഭ്യമായ വിഭവങ്ങളെ ഭാവനയോടെ ശിശു സൗഹൃദമാക്കുവാൻ ലഭ്യമായ വിഭവങ്ങളുടെ പരിസ്ഥിതി സൗഹൃദ ഘടകങ്ങളെ പരിസ്ഥിതി സൗഹൃദമായി സമീപിക്കുവാൻ
- സാമൂഹിക സ്വീകാര്യത പ്രകടമാക്കാൻ
- പോഷകപ്രദവും, വിഷരഹിതവും, വിഭവവൈവിദ്ധ്യമുള്ള ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന്
- പാചകം, വിതരണം, വേസ്റ്റ് മാനേജ്മെന്റ് എന്നിവയിലെ തനിമ ഉറപ്പാക്കുന്നതിന്
- ശുദ്ധമായ കുടിവെള്ളം, വൃത്തിയുള്ള ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നതിന്
- കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വൈവിധ്യമായ പ്രവർത്തനങ്ങളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്.

**ഭൗതികം**

- ക്ലാസ് റൂം സൗകര്യം
- കുടിവെള്ളം
- പാചകപ്പുര
- ജൈവപച്ചക്കറി കൃഷി
- ജൈവ വൈവിധ്യ ഉദ്യാനം
- ടോയ്‌ലറ്റ്
- വാഹനസൗകര്യം
- ഇന്റർനെറ്റ്
- കളിയുപകരണങ്ങൾ
- ലാബ് സൗകര്യങ്ങൾ
- പുതിയ സ്കൂൾ കെട്ടിടം

## സാമൂഹികം

- രക്ഷിതാക്കൾക്ക് തന്റെ കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തെക്കുറിച്ച് അഭിമാനം തോന്നുന്നു ഇടപെടലുകൾ നടത്തുന്നതിന്
- പഠനപരിപോഷണ പരിപാടികൾ, പരിഹാര ബോധന പ്രവർത്തനങ്ങൾ, അധ്യാപകർക്ക് വിദ്യാർത്ഥി സംഘത്തിന്റെ ചുമതല നൽകൽ എന്നിങ്ങനെ സാമൂഹ്യ സ്വീകാര്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന്
- SMC, SSG, CPTA MPTA തുടങ്ങിയ സ്കൂൾ സമിതികളുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ അവകാശം ഉറപ്പാക്കുന്നതിനായി പ്രയോജനപ്പെടു ത്തുന്നതിന്
- പ്രാദേശിക സർക്കാർ, എം.എൽ.എ., എം.പി. പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയവരുടെ സാധ്യതകൾ ഭാവനാപൂർവ്വം പഠന മികവിനായി പ്രയോജനപ്പെടുത്തുന്നതിന്
- സാമൂഹിക നന്മ/ അവബോധം എന്നിവ രൂപപ്പെടുന്നതിന്
- സമഗ്ര ആരോഗ്യ കായിക വികസനം നേടുന്നതിന്

## സാമൂഹികം

- SMC ശാക്തീകരണം
- CPTA
- പൂർവ്വവിദ്യാർത്ഥി സംഘടന
- വിരമിച്ച അധ്യാപകർ
- ജാഗ്രതാ സമിതി
- പഞ്ചായത്ത്
- ഹെൽത്ത് സെന്റർ
- ഫുഡ് ഫെസ്റ്റ്
- പഠനയാത്ര
- കഥകളിഗ്രാമം
- സ്കൂൾ സുരക്ഷാ സമിതി

## ഉപസംഹാരം

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിയുടെ **ലക്ഷ്യങ്ങൾ** നേടുന്നതിന് ഉതകുന്നതുമായ പ്രവർത്തനങ്ങൾ, അതായത് അക്കാദമിക മികവിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും, മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു സഹായകരമായ ഭൗതികപരിസരവും സാമൂഹ്യതലങ്ങളും ഉൾക്കൊണ്ടതുമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

കുട്ടിയുടെ കഴിവ് കേവലം വിഷയ പഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ എത്തിച്ചേരുക. കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക, സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്നതും സമൂഹവുമായി ബന്ധം പുലർത്തുന്നതും അതുവഴി കുട്ടികൾ പൊതുവിദ്യാലയങ്ങളിലേക്ക് കടന്നുവരുന്നതുമായ അനുഭവം ഉണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഗവ. എൽ.പി. സ്കൂളിന്റെ മാസ്റ്റർ പ്ലാൻ പൊതുജനസമക്ഷം സമർപ്പിക്കുന്നു.